(ഡി) പരിഗണനയിലില്ല.

ഭൂമി കൈമാറ്റത്തിനുള്ള മുദ്രപത്ര വിലയും രജിസ്ട്രേഷൻ ഫീസും

*15 [165] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ഇ. എം. അഗസ്തി:
,, കെ. മുഹമ്മദാലി:
,, കെ. എ. ചന്ദ്രൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈമാറ്റത്തിനുള്ള മുദ്രപത്ര വിലയെത്രയാണ്; അതിനുവേണ്ട രജിസ്ട്രേഷൻ ഫീസെത്രയാണ്;

(ബി) ഭൂമി കൈമാറുമ്പോൾ അതിന്റെ വില കുറച്ചു കാണിക്കുന്നതിനുള്ള കാരണമെന്താണ്;

(സി) ഭൂമി കൈമാറ്റത്തിനുള്ള മുദ്രപത്ര വിലയും രജിസ്ട്രേഷൻ ഫീസും എത്രയായാണ് കുറച്ചത്; അത് ഇനിയും കുറയ്ക്കാനുദ്ദേശമുണ്ടോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) തീരാധാരങ്ങൾക്കു പഞ്ചായത്ത് പ്രദേശങ്ങളിൽ വിലയുടെ 4% നിരക്കിലും, മുനിസിപ്പാലിറ്റിയിൽ 5% നിരക്കിലും, കോർപ്പറേഷനിൽ 6% നിരക്കിലും, മുദ്രസല ചുമത്തുന്നു. എല്ലായിടത്തും വിലയുടെ 2% നിരക്കിലാണ് രജിസ്ട്രേഷൻ ഫീസ് ചുമത്തുന്നത്.

(ബി) മുദ്രസല കുറച്ചുകൊടുക്കാൻവേണ്ടിയാണ് ഭൂമി കൈമാറുമ്പോൾ വില കുറച്ചുകാണിക്കുന്നത്.

(സി) തീരാധാരങ്ങളുടെ മുദ്രസല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനിൽപ്പെട്ട വസ്തുക്കൾക്ക് യഥാക്രമം 10%, 12½%, 13½% നിരക്കിലായിരുന്നു. ടി നിരക്കുകൾ ഇപ്പോൾ യഥാക്രമം 4%, 5%, 6% എന്ന ക്രമത്തിലാണ്. ഇത് ഇനിയും കുറയ്ക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഹോമിയോ മെഡിക്കൽ കോളേജുകളിൽ പുതിയ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ തുടങ്ങാൻ നടപടി

*16 [166] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മമ്മൂട്ടി:
,, കെ. എൻ. എ. ഖാദർ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ രണ്ടു വിഷയങ്ങളിൽ കൂടി പുതിയ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ തുടങ്ങാൻ തീരുമാനിച്ചിട്ട് എത്രകാലമായി;

(ബി) ഇത് ഇതുവരെയും തുടങ്ങാതിരിക്കുന്നതിന് സാങ്കേതിക തടസ്സം എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിച്ച് നേരത്തെ തീരുമാനിച്ചിട്ടുള്ള വിഷയങ്ങളിലെങ്കിലും പി.ജി. കോഴ്സ് ആരംഭിച്ചുകിട്ടാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇത് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഒരു വർഷം.

(ബി—ഡി) ഉണ്ട്. പ്രത്യേകം ടീച്ചിംഗ് ഫാക്കൽറ്റിയും അടിസ്ഥാന സൗകര്യങ്ങളും പുതിയ കോഴ്സ് തുടങ്ങുന്നതിന് അത്യാവശ്യമാണ്. പ്രസ്തുത കോഴ്സിലേക്ക് ആവശ്യമായ പ്രൊഫസർ തസ്തികകൾ ഉൾപ്പെടെയുള്ള തസ്തികകൾ അനുവദിച്ചു കിട്ടുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത നിർദ്ദേശത്തിൻമേൽ തീരുമാനമാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ തുടങ്ങുന്നതാണ്.

ആധാരങ്ങളുടെ പകർപ്പ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ

*17 [167] ശ്രീ. സി. പി. മുഹമ്മദ്:
,, എൻ. ഡി. അപ്പച്ചൻ:
,, പി. ജെ. ജോയി:
,, ജോർജ്ജ് ജെ. മാത്യു:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്ത ആധാരങ്ങൾ വീണ്ടെടുക്കാൻ കഴിയാത്തവിധം നാശോൻമുഖമായതിനാൽ അതിന്റെ പകർപ്പ് നൽകണമെന്നാവശ്യപ്പെട്ട് ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ കിട്ടി;

(ബി) പ്രസ്തുത അപേക്ഷകൾ പ്രകാരം അവയുടെ പകർപ്പുകൾ നൽകുകയുണ്ടായോ;

(സി) ഇതിനു മുമ്പുള്ള സമാനകാലത്ത് ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ലഭിച്ച അപേക്ഷകളേക്കാൾ കൂടുതലായി ഇക്കഴിഞ്ഞ രണ്ടു വർഷക്കാലം അത്തരത്തിലുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇക്കഴിഞ്ഞ രണ്ടു വർഷക്കാലം അത്തരം അപേക്ഷകളുടെ എണ്ണം വർദ്ധിക്കുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly